2000-ലെ കേരള കലാപ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. പി. സി. ജോർജ് നോട്ടീസ് നൽകിയത്)

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന 12NOON] അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

13. 2000-ലെ കേരള പ്രധാനപ്പെട്ട കാര്യാലയങ്ങളിൽ അധിക ഷിഫ്റ്റ് ഏർപ്പെടുത്തി പ്രവൃത്തിസമയം ഇരട്ടിയാക്കൽ ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ കേരള പ്രധാനപ്പെട്ട കാര്യയങ്ങളിൽ അധികഷിഫ്റ്റ് ഏർപ്പെടുത്തി പ്രവൃത്തി സമയം ഇരട്ടിയാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്വീകരിക്കുന്നില്ല.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, സർക്കാർ ആഫീസുകളിലെ കാലവിളംബവും തജ്ജന്യമായ അഴിമതിയുമാണ് ഈ സ്വകാര്യബിൽ അവതരിപ്പിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചത്. സർക്കാർ ആഫീസുകൾ ഇന്നും ജനകീയ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വിന്യസിക്കപ്പെടുന്നില്ല. ചില സർക്കാർ ആഫീസുകളിൽ യാതൊരു ജോലിയുമില്ലാത്ത സാഹചര്യം നില നിൽക്കുമ്പോൾ മറ്റു ചില ആഫീസുകൾ ജോലിഭാരം കൊണ്ട് നട്ടംതിരിയുന്ന സ്ഥിതിയാണ്. നമ്മുടെ സാമൂഹ്യക്രമവും ജീവിതരീതിയും ഇന്ന് കേരളത്തിൽ മാത്രം ഒതുക്കി നിറുത്താൻ കഴിയുന്നതല്ല. സംസ്ഥാനത്തുനിന്നും ഒട്ടേറെ ആളുകൾ സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുപോയി ജോലി ചെയ്തു ജീവിക്കുന്നവരാണ്. അവർ പലപ്പോഴും രണ്ടും മൂന്നും വർഷം കൂടുമ്പോൾ ഒരു ചെറിയ ഇടവേളയിൽ മാത്രമാണ് നമ്മുടെ നാട്ടിലേയ്ക്ക് വരുന്നത്. ചുരുങ്ങിയ ഒരു കാലയളവിൽ വളരെ കൂടുതൽ ജോലികൾ സർക്കാർ ആഫീസുകളുമായി ബന്ധപ്പെട്ട് അവർക്ക് ചെയ്തു തീർക്കേണ്ടിവരാറുണ്ട്. കെട്ടിടങ്ങളുടേയും വാഹനങ്ങളുടേയും മറ്റു പല നിലയിലുമുള്ള ഒരുപാട് ജോലികൾ അവർക്ക് ചെയ്തുതീർക്കേണ്ടി വരാറുണ്ട്. ഇന്നത്തെ നമ്മുടെ സർക്കാർ ആഫീസുകളുടെ സ്ഥിതി പലപ്പോഴും കടമകൾ നിർവ്വഹിക്കാൻ കഴിയുന്നതരത്തിലുള്ളതല്ല. അവർക്ക് നിരാശയോടുകൂടി മടങ്ങേണ്ട ഒരു സ്ഥിതിയാണ് പലപ്പോഴും ഉണ്ടാകുന്നത്. നമ്മുടെ പൊതു സാമ്പത്തികസ്ഥിതി പരിഗണിക്കുമ്പോൾ വളരെ കൂടുതൽ കാര്യാലയങ്ങൾ ഉണ്ടാക്കുന്നതിനോ, അതിനാവശ്യമായ പണം മുടക്കുന്നതിനോ നമുക്ക് കഴിയുകയില്ല. പക്ഷേ പ്രധാനപ്പെട്ട നഗരങ്ങളിലും സംസ്ഥാന ജില്ലാ ആസ്ഥാനങ്ങളിലെങ്കിലും നിലവിലുള്ള കാര്യാലയങ്ങളിൽത്തന്നെ കൂടുതൽ ഷിഫ്റ്റ് ഏർപ്പെടുത്തിക്കൊണ്ട് കൂടുതൽ ജോലി നിർവ്വഹിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly